File No.PWR-C3/450/2019-POWER

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ് - കേബിൾ ടി.വി ആവശ്യത്തിന് വൈദ്യുതി പോസ്റ്റ് ഉപയോഗിക്കുന്നതിനുള്ള നിരക്ക് പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഊർജ്ജ (സി) വകുപ്പ്

G.O.(Ms) No.9/2021/POWER    തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 കേബിൾ ടി.വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 25.10.2019 , 17.11.2020 - തീയതികളിലെ അപേക്ഷ.

2 24.01.2020 - ലെ സ.ഉ(സാധാ) നം.08/2020/ഊർജ്ജം നമ്പർ സർക്കാർ ഉത്തരവ്.

3 കേബിൾ ടി.വി. ശൃംഖല വിന്യസിക്കാനായി പോസ്റ്റ് ഉപയോഗിക്കുന്നതിനുള്ള വാടക പുനർ നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്.

ഉത്തരവ്

വൈദ്യുത പോസ്റ്റുകളിലൂടെ കേബിൾ ടി.വി ശൃംഖല വിന്യസിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകേണ്ടുന്ന വൈദ്യുത പോസ്റ്റുകളുടെ വാർഷിക വാടക പുനർ നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് കേബിൾ ടി.വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ പരാമർശം (1) പ്രകാരം ബഹു. മുഖ്യമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം (2) പ്രകാരം മൂന്നംഗ സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത കമ്മിറ്റി 19.1.2021 തീയതിയിൽ യോഗം കൂടി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. 01.04.2021 മുതൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയകളിൽ വാർഷിക വാടക ഇനത്തിൽ പോസ്റ്റ് ഒന്നിന് 300/- രൂപയായും പഞ്ചായത്ത് മേഖലകളിൽ 145/- രൂപയായും നിജപ്പെടുത്തുന്നു.

2. നിലവിൽ പോസ്റ്റ് ഒന്നിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നുമുള്ള പരിശോധനാഫീസ് 15/- രൂപയിൽ നിന്ന് 10/- രൂപയായി നിജപ്പെടുത്തുന്നു.

3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും നൽകുന്ന സേഫ്റ്റി പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷത്തിൽ നിന്നും 3 വർഷമായി ദീർഘിപ്പിക്കുന്നു. നിലവിലുള്ള വാർഷിക പരിശോധന 3 വർഷത്തിലൊരിക്കൽ മാത്രം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJA V
JOINT SECRETARY

പകർപ്പ് : ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, വിതരണം, കെ.എസ്.ഇ.ബി.എൽ, തിരുവനന്തപുരം.

പ്രസിഡന്റ് , കേബിൾ ടി.വി.ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, പനമ്പിള്ളി നഗർ, എറണാകുളം.

ഡയറക്ടർ, വെബ് & ന്യൂ മീഡിയ(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ